# ദൈവകൃപയാൽ
# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
# കോട്ടയം മെത്രാസനഇടവകയുടെ
# ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായിൽ നിന്ന്

നമ്പർ: 05/2024

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹപട്ടക്കാരും ദേശത്തുപട്ടക്കാരും പള്ളികൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

കർത്താവിൽ പ്രിയരെ,

നമ്മുടെ മെത്രാസനവും കേരള പിന്നോക്ക വിഭാഗ വികസന കോർപറേഷനും (KSBCDC) ചേർന്ന് 2024 ജനുവരി 30-ാം തീയതി ചൊവ്വാഴ്ച്ച പകൽ 10 മണി മുതൽ നമ്മുടെ പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ വച്ച് സ്വയം സംരംഭ പരിശീലന ക്ലാസ്സ് ക്രമീകരിച്ചിരിക്കുന്നു. നമ്മുടെ ഇടവകാംഗങ്ങളിൽ പുതുതായി സ്വയം തൊഴിൽ സംരംഭം ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവരും ആരംഭിച്ചവരും വിദ്യാത്ഥികളും യുവാക്കളും ഈ അവസരം പ്രയോജനപ്പെടുത്തണം. ആവശ്യകാർക്ക് കുറഞ്ഞ പലിശ നിരക്കിൽ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുവാനുള്ള ലോൺ കിട്ടുന്നതിനുള്ള ക്രമീകരണവും, വിദ്യാഭ്യാസ വായ്പ, ഭവന വായ്പ, വിവാഹ വായ്പ, ഭവനനവീകരണ വായ്പ എന്നിവയ്ക്കുമുള്ള പ്രത്യേക കൗണ്ടറുകളും കേരള പിന്നോക്ക വിഭാഗ വികസന കോർപറേഷന്റെ (KSBCDC) നേതൃത്വത്തിൽ ഒരുക്കുന്നതാണ്. താല്പര്യമുള്ള നമ്മുടെ ഇടവകജനങ്ങൾ ഈ പരിശീല ക്ലാസ്സിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു. വിശദ വിവരങ്ങൾക്ക് നമ്മുടെ പ്രിയ അലക്സാണ്ടർ ജോസഫ് കത്തനാരെ (9656668443) സമീപികാവുന്നതാണ്.

വീണ്ടും പ്രിയരെ,

നമ്മുടെ അഖിലമലങ്കര ശുശ്രൂഷകസംഘത്തിന്റെ നേതൃത്വത്തിൽ കോട്ടയം, ഇടുക്കി, സെൻട്രൽ മെത്രാസനങ്ങളിലെ പ്രധാന ശുശ്രൂഷക സമ്മേളനം 2024 ഫെബ്രുവരി 6-ാം തീയതി ചൊവ്വാഴ്ച്ച ഇടുക്കി അരമനയിൽ വച്ച് നടത്തുകയാണ്. നമ്മുടെ ശുശ്രൂഷകസംഘത്തിലെ മെത്രാസനതല ചുമതലക്കാരും ഇടവകകകളിലെ ശുശ്രൂഷകരുടെ പ്രതിനിധികളും അതിൽ പങ്കെടുക്കണമെന്ന് താല്പര്യപ്പെടുന്നു. വിശദ വിവരങ്ങൾക്ക് നമ്മുടെ പ്രിയ അനി കുറിയാക്കോസ് വർഗീസ് കത്തനാരെ (8281268024) സമീപികാവുന്നതാണ്.

**ശേഷം പിന്നാലെ,**

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

**ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്ത**

2024 ജനുവരി 16-ാം തീയതി
പാമ്പാടി മാർ കുറിയാക്കോസ്
ദയറായിൽനിന്ന്